പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

08.03.2018 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2014

## സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. സി. ജോസഫ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. കെ. എസ്. ശബരീനാഥൻ<br>ശ്രീ. വി. പി. സജീന്ദ്രൻ | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് ഉതകുന്ന വിധത്തിൽ ഒരു വ്യവസായ പാരിസ്ഥിതിക അവബോധം സൃഷ്ടിക്കേണ്ട സാഹചര്യം നിലവിലുണ്ടോ ; | (എ) | കേന്ദ്ര ഗവൺമെന്റിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സംരംഭത്തെ ആസ്പദമാക്കിയിട്ടുള്ള കേന്ദ്ര ഗവൺമെന്റിന്റെ റാങ്കിങ്ങിൽ സംസ്ഥാനം വളരെ പിന്നോക്കം നിൽക്കുന്ന സാഹചര്യമാണുള്ളത്. വ്യവസായ സംരംഭകർക്ക് അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചും, വിവിധ വകുപ്പുകളിലായി നിലനിൽക്കുന്ന പല ചട്ടങ്ങളും നിയമങ്ങളും കാലാനുസൃതമായി പരിഷ്കരിക്കുന്നതുവഴി കേരളത്തിൽ വ്യവസായം അനായാസം നടത്താൻ പറ്റുന്ന പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കുന്നതിനു വേണ്ടിയാണ് ഇതുസംബന്ധിച്ച് പഠനം നടത്തിയത്. അപ്രകാരം ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിവിധതലത്തിലുള്ള ചർച്ചകൾക്ക് ശേഷമാണ് കേരള ഇൻവെസ്റ്റ് മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ബിൽ 2018 സഭയിൽ ചർച്ചയ്ക്കായി അവതരിപ്പിച്ചിരിക്കുന്നത്. |
| (ബി) | കേരള ഇൻവെസ്റ്റ് മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ് മുഖാന്തിരം ചുമട്ടുതൊഴിലാളി നിയമത്തിൽ വരുത്തിയ ഭേദഗതി തൊഴിലാളി വിരുദ്ധമാണെന്നും കേരള ഗ്രൗണ്ട് വാട്ടർ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതി കുത്തകകൾക്ക് കൂടുതൽ ഭൂജലം ചൂഷണം ചെയ്യുവാൻ അവസരമുണ്ടാക്കുന്നതാണെന്നും ഉള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ വ്യക്തത വരുത്തുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) | തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിന് നിക്ഷേപകരെ ആകർഷിക്കേണ്ടതുണ്ട്. സ്വകാര്യ മൂലധനത്തെ ആശ്രയിക്കുമ്പോൾ തൊഴിലാളികളുടെ അവകാശം പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടായിരിക്കും പദ്ധതികൾ നടപ്പിലാക്കുന്നത്. 2018 ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ബില്ലിൽ, 1978 ലെ കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ടിൽ നിലവിലുള്ള തൊഴിൽ നിയമത്തിൽ കാതലായ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. പുതുതായി 9A, 9B എന്നീ സെക്ഷനുകൾ ചേർത്തിരിക്കുന്നു. ഇത് സംബന്ധിച്ച് വിവിധ തൊഴിലാളി സംഘടന നേതാക്കളുമായി വ്യവസായ വകുപ്പുമന്ത്രിയുടേയും തൊഴിൽ |

| | | | |
|---|---|---|---|
| | | | വകുപ്പമന്ത്രിയുടെയും നേതൃത്വത്തിൽ ചർച്ച നടത്തിയിരുന്നു. തൊഴിലാളികൾക്ക് ദോഷകരമായി ബാധിക്കുന്ന നടപടികളൊന്നും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാവുകയില്ല. കേരള ഗ്രൗണ്ട് വാട്ടർ ആക്റ്റ് -2002 ൽ ഭേദഗതികളും ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജലം അസംസ്കൃത വസ്തുവായി വരുന്ന വ്യവസായ സംരംഭകർക്ക് ഈ ഭേദഗതി ബാധകമല്ല. ഭൂജലം നിയമാനുസൃതം വിനിയോഗിക്കുന്നതിനുള്ള ഭേദഗതികളാണ് ബില്ലിൽ ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) | ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഇതിലൂടെ വ്യവസായികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ? | (സി) | സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് കേരള ഇൻവെസ്റ്റ് മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ സെൽ (ഐ പി എഫ് സി) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും രൂപീകരിച്ചിട്ടുണ്ട്.<br>വ്യവസായം തുടങ്ങുവാനുള്ള അനുമതികൾ ലഭിക്കുന്നതിനായി ഓൺലൈൻ വഴി ലഭിക്കുന്ന അപേക്ഷകൾ കാലതാമസമില്ലാതെ പരിഗണിക്കുക, അവയുടെ പുരോഗതി വിലയിരുത്തുക, വിവിധ വകുപ്പുതല പരിശോധനകൾ ഏകോപിപ്പിക്കുക, നിശ്ചിത സമയത്തിനുള്ളിൽ സംരംഭകർക്ക് അനുമതി നൽകുക എന്നിവയിൽ സെൽ സുപ്രധാന പങ്ക് വഹിക്കും. |

Bindu T

**സെക്ഷൻ ഓഫീസർ.**